പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 19.11.2019 ൽ

നിയമസഭാ ചോദ്യം നമ്പർ 5875 | മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

ചോദ്യം | മറുപടി

ശ്രീ.പി.ടി. തോമസ് | ശ്രീ.ഇ.പി.ജയരാജൻ

(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും അവയുടെ ചെലവ് ചുരുക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനും ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്ത്വവും ഉറപ്പാക്കുന്നതിന് വേണ്ടി ഇ-ഗവേണൻസ് സംവിധാനത്തിന്റെ ഭാഗമായി ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ അഞ്ച് ലക്ഷത്തിനു മുകളിലുള്ള എല്ലാ കരാറുകൾക്കും ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഫലമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ, ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെയുള്ള സാധനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവ വളരെ സുതാര്യവും, ചെലവ് കുറച്ചും, കാര്യക്ഷമവുമായ രീതിയിൽ ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനത്തിലും കണക്കുകളിലും കൃത്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഇൻേറണൽ ആഡിറ്റും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി എല്ലാമാസവും വിലയിരുത്തി ആവശ്യമായ നിർദ്ദേശവും സ്ഥാപനങ്ങൾക്ക് നൽകാറുണ്ട്. |
| ബി) | ആഗോളതലത്തിലെ വ്യവസായ മാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത മത്സരവും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ എപ്രകാരമാണ് ബാധിച്ചതെന്ന് വിശദമാക്കുമോ; | ബി) ഉം സി) | ആഗോള തലത്തിൽ വ്യാവസായിക രംഗത്തുണ്ടായിട്ടുള്ള മാന്ദ്യവും ഇറക്കുമതി വിപണിയിൽ നിന്നുള്ള മത്സരവും വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുവാൻ സാധ്യതയുണ്ട്. വ്യവസായ രംഗത്തെ മാന്ദ്യം കാരണം ഉപഭോക്തൃക്കമ്പനികളിൽ നിന്നും ഉൽപ്പന്നങ്ങൾക്കുള്ള ആവശ്യകത കുറയുന്നതിന് കാരണമാകാം. ഇറക്കുമതി വിപണിയിൽ നിന്നുള്ള മത്സരം ഉൽപ്പന്നങ്ങളുടെ വിലക്കുറവിനും ഇടയാകുന്നതാണ്. ഈ അവസ്ഥ കൂടുതൽ പ്രതികൂലമായി ബാധിക്കുകയാണെങ്കിൽ അത് ഉൽപ്പാദനമേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ വിറ്റുവരവിനേയും ലാഭകരമായ നടത്തിപ്പിനേയും ബാധിക്കുന്നതാണ്. ഇത് സ്ഥാപനങ്ങളുടെ നികുതി വരുമാനത്തിൽ കുറവ് വരുത്തുന്നതിനാൽ സംസ്ഥാനത്തിന്റെ വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്നതാണ്. |
| സി) | ഇത് മറികടക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | ഉം | ടെക്സ്റ്റൈൽ മേഖലയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾക്ക് വിലക്കൂടുതൽ ഉള്ളതിനാലും ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഡിമാൻറ് കുറയുകയും ചെയ്യുതിനാൽ ഉൽപ്പാദന |

| | |
|---|---|
| | ചെലവിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ വിൽക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഈ മേഖലയിലുള്ള സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുവാൻ ഇത് കാരണമായിട്ടുണ്ട്.<br>ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വത്ക്കരണത്തിലൂടെയും വിപണി വിപുലീകരിച്ചും കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനത്തിലൂടെ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| ഡി) ഓരോ പൊതുമേഖലാ സ്ഥാപനത്തെയും പ്രത്യേകം പ്രത്യേകം പരിശോധിച്ച് അതിന്റെ പ്രവർത്തനത്തിലുള്ള വൈകല്യം തിരുത്തി പ്രവർത്തനം മെച്ചപ്പെടുത്തുവാൻ മാനേജ്മെന്റ് തലത്തിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം റിയാബ് മുഖേന അവലോകനം ചെയ്യാറുണ്ട്. ഇതിൻെറ തുടർച്ചയായി പ്രത്യേക അവലോകന യോഗങ്ങൾ സർക്കാർ തലത്തിൽ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇൻേറണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.<br>ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. റിയാബ് മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെൻറ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകൾ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുന്നതിന് സഹായകമായിട്ടുണ്ട്.<br>പൊതുമേഖലാസ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പം തന്നെ മാനേജിംഗ് ഡയറക്ടർമാരുടേയും ജീവനക്കാരുടേയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി പരിശീലനപരിപാടികളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ